# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3366** — **25.06.2012 -ൽ മറുപടിയ്ക്ക്**

### അംഗീകൃത ചെക്ക് പോസ്റ്റുകളിലൂടെയല്ലാതെ ചരക്ക് കടത്ത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ചന്ദ്രൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അംഗീകൃത ചെക്ക് പോസ്റ്റുകളിലുടെ-യല്ലാതെ ഊടുവഴികളിലൂടെ തമിഴ്നാട്ടിൽ നിന്നും ചരക്കുകൾ കടത്തിക്കൊണ്ട് വന്ന് വ്യാപകമായി നികുതി വെട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഈ കള്ളക്കടത്ത് തടയുന്നതിനായി ഫലപ്രദമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | സ്വീകരിച്ചിട്ടുണ്ട്.<br>കള്ളക്കടത്ത് തടയുന്നതിനായി ഊടുവഴികളിലൂടെ തമിഴ്നാട്ടിൽ നിന്നും സാധനങ്ങൾ കടത്തിക്കൊണ്ടുവരാൻ സാധ്യതയുള്ള പ്രദേശങ്ങൾ വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന്റെ നിരീക്ഷണത്തിന് കീഴിലാണ്. അതിർത്തിയിലെ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിലെല്ലാം സ്ക്വാഡുകൾ ഓവർചെക്കിംഗും. ടേക്ക്ഓവറും നടത്താറുണ്ട്. കൂടാതെ വിൽപന നികുതി അസസ്മെന്റ് വിഭാഗത്തിൽ നിന്ന് രൂപീകരിക്കുന്ന സ്പെഷ്യൽ സ്ക്വാഡുകൾ ഓണം, റംസാൻ പോലെയുള്ള ഉത്സവനാളുകളിൽ അതിർത്തി പ്രദേശങ്ങളിൽ പ്രവർത്തന സജ്ജമാകാറുണ്ട്. |

(............2)

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരം നേരിട്ട് അഴിമതി നടത്തിയവരും അഴിമതിക്ക് കൂട്ടുനിന്നവരുമായ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടു-ണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) | വയനാട് ജില്ലയിൽ ചെക്ക് പോസ്റ്റുകളിലൂടെയല്ലാതെ ഊടുവഴി കളിലൂടെ കർണ്ണാടകത്തിൽ നിന്നും കേരളത്തിലേക്ക് കോഴി കടത്തിയത് തടയുന്നതിൽ ഇന്റലിജൻസ് സ്ക്വാഡിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച കണക്കി ലെടുത്ത് എ 12-17931/12/സി.റ്റി. നമ്പറിൽ 05.06.2012 തീയതിയിലെ കമ്മീഷണറുടെ ഉത്തരവ് പ്രകാരം രണ്ട് ഇന്റലിജൻസ് ഓഫീസർമാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി. |
| (ഡി) | ചെക്കുപോസ്റ്റുകളിലെ ഉദ്യോഗസ്ഥൻമാരുടെ അഴിമതി തടയുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) | അഴിമതി രഹിത ചെക്ക്പോസ്റ്റുകളാണ് നിലവിലുള്ളത്. ജീവനക്കാരെ 6 മാസം കഴിയുമ്പോൾ സ്ഥലം മാറ്റുകയും, ഇന്റലിജൻസ് വിംഗ് ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ